**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **11-02-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം ഡിവിഷൻ പരിധിയിലെ കുടിവെള്ള കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി കായംകുളം ഡിവിഷന്റെ പരിധിയിൽ എത്ര കുടിവെള്ള കണക്ഷനുകളാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്; | (എ) | കായംകുളം ഡിവിഷന്റെ പരിധിയിൽ അമൃത് പദ്ധതി വഴി 3,560 കണക്ഷനുകളും ജൽ ജീവൻ മിഷൻ വഴി 1,56,530 കണക്ഷനുകളും ഉൾപ്പെടെ ആകെ 1,60,090 കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട് |
| (ബി) | ജൽജീവൻ മിഷൻ, അമൃത് ഭാരത് പദ്ധതി പ്രകാരം കായംകുളം ഡിവിഷന്റെ പരിധിയിൽ 2025 മാർച്ച് മാസത്തിനുള്ളിൽ എത്ര കുടിവെള്ള കണക്ഷനുകൾ വിതരണം ചെയ്യാൻ കഴിയുമെന്നും ഈ പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടുമ്പോൾ കായംകുളം ഡിവിഷൻ ഓഫീസ് പരിധിയിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (ബി) | കായംകുളം ഡിവിഷന്റെ പരിധിയിൽ 2025 മാർച്ച് മാസത്തിനുള്ളിൽ ജൽ ജീവൻ പദ്ധതി വഴി 67,000 കണക്ഷനുകളും അമൃത് പദ്ധതി വഴി 2000 കണക്ഷനുകളും കൊടുക്കുവാൻ കഴിയും. അപ്രകാരം ആകെ 69000 കണക്ഷനുകൾ നൽകുവാൻ കഴിയും. പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 1.5 ലക്ഷത്തോളം കണക്ഷനുകൾ നൽകുവാൻ കഴിയും |
| (സി) | ആലപ്പുഴ ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ ഉൾപ്പെട്ടതും കായംകുളം ഡിവിഷൻ ഓഫീസിന്റെ പരിധിയിൽ വരുന്നതുമായ 1.5 ലക്ഷം കുടിവെള്ള കണക്ഷനുകൾ ഉള്ള ഉപഭോക്താക്കളുടെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പരാതികൾ ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ റവന്യൂ ഓഫീസർ തസ്തിക കായംകുളം കേന്ദ്ര കാര്യാലയത്തിൽ നിന്നും ഷിഫ്റ്റ് ചെയ്ത് കായംകുളം ഡിവിഷണൽ ഓഫീസിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കുടിവെള്ള കണക്ഷനുകളുടെ എണ്ണത്തിന് ആനുപാതികമായി, പ്രസ്തുത തസ്തികയുടെ ആവശ്യകത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ